**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 383** **29.06.2016-ൽ മറുപടിയ്ക്ക്**

**ചെറായി സബ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം |
|---|---|---|
| | | |
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) ചെറായി സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) | 110 കെ.വി. പറവൂർ-ചെറായി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസുകളാണ് ചെറായി സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നത്. |
| (ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി എത്ര തുക ചെലവഴിച്ച് കഴിഞ്ഞുവെന്നും ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയെന്നും വിശദമാക്കാമോ ; | (ബി) | സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 1,18,15,000/- രൂപയും ലൈനിന്റെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി ഏകദേശം 8,40,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 7.225 കി.മീ. 110 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികളും സബ് സ്റ്റേഷനിൽ ഉപകരണങ്ങൾ സ്ഥാപിക്കുകയുമാണ് ഇനി പൂർത്തിയാകാനുള്ള ജോലികൾ. |
| (സി) പ്രസ്തുത പ്രവൃത്തിക്ക് തടസ്സം നേരിട്ടിട്ട് എത്ര നാളായെന്ന് വ്യക്തമാക്കാമോ ;<br><br>(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ? | (സി) & (ഡി) | ലൈൻ റൂട്ടുമായി ബന്ധപ്പെട്ട് 2010-ൽ ഹൈക്കോടതി മുമ്പാകെ വിവിധ പരാതിക്കാർ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതിനാൽ അന്നുമുതൽ ലൈൻ നിർമ്മാണത്തിന് തടസ്സം നേരിട്ടിട്ടുണ്ട്. ടി. കേസുകളിന്മേൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**